*"ഭരണഭാഷ-മാതൃഭാഷ"*

# ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - കിടങ്ങൂർ ഗ്രാമപഞ്ചായത്ത് കോൺക്രീറ്റ് വോൾട്ട് കെട്ടിട നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.03.2021 -ലെ എ 4/1564/2021 നമ്പർ കത്തും പ്ലാനുകളും

---

**ഉത്തരവ് നമ്പർ TCPKTM/181/2021-C** **തീയതി : 22/04/2021**

---

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കിടങ്ങൂർ വില്ലേജിൽ, ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വെ നമ്പർ 111/11, 56/4-3-ൽപ്പെട്ട 1517 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്തിൽ 37.99 ച.മീറ്റർ വിസ്തീർണ്ണമുള്ള കോൺക്രീറ്റ് വോൾട്ട് നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി /ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

## നിബന്ധനകൾ

1. കെ.പി.ബി.ആർ-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ആവശ്യമുള്ളപക്ഷം ലഭ്യമാക്കേണ്ടതാണ്.
3. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തണം.
6. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.
7. കെ.പി.ബി.ആർ-2019 അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ്

നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല . കെ.പി.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 23/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

TOWN PLANNER
KOTTAYAM

കിടങ്ങൂർ ഗ്രാമപഞ്ചായത്ത്
(പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. ശ്രീ. ചാക്കോ ജേക്കബ് പോൾ, ദ പെന്തക്കോസ്ത് മിഷൻ ഫെയ്ത്ത് ഹോം, ഏറ്റുമാനൂർ, കോട്ടയം
2. അധികം –1

S/2932021